## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6381 — 08.07.2014 ന് മറുപടിയ്ക്ക്.

### വനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ആദിവാസികൾക്കും, വനത്തിലെ റോഡുകളിലൂടെ കടന്നുപോകുന്ന സഞ്ചാരികൾക്കും നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദിവാസികൾക്ക് അവരുടെ ഊരുകളിലേയ്ക്ക് സഞ്ചരിക്കുന്നതിനായി 2006-ലെ വനാവകാശ നിയമപ്രകാരം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വനഭൂമിയിലൂടെ റോഡ് നിർമ്മിക്കുന്നതിനുള്ള അനുവാദം നൽകി വരുന്നുണ്ട്. വനത്തിലൂടെ സഞ്ചരിക്കുന്ന ആദിവാസികളുടേയും, സഞ്ചാരികളുടേയും സുരക്ഷക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. റോഡുകളിൽ വന്യജീവികളുടെ സാന്നിദ്ധ്യം മുൻകൂട്ടി മനസ്സിലാക്കുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ വിസ്റ്റാ ക്ലിയറൻസ് ചെയ്തുവരുന്നുണ്ട്. വന്യജീവി ആക്രമണം കൂടുതലുള്ള ഭാഗങ്ങളിൽ സൗരോർജ്ജ വേലി, ആനപ്രതിരോധമതിൽ, കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. സുഗമമായ സഞ്ചാരത്തിന് നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിലുള്ള നിയമങ്ങൾക്ക് അനുസൃതമായി ചെയ്തുവരുന്നുണ്ട്. സഞ്ചാരികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗൈഡുകളുടെ സേവനം ലഭ്യമാക്കുന്നുമുണ്ട്. |
| (ബി) വനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് എത്രയും വേഗം തീർപ്പ് കല്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) വനഭൂമിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാകുന്നത് സംബന്ധിച്ച പരാതി ലഭിച്ചാൽ ആയത് ഉടൻ തന്നെ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. വനവുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന പ്രധാന ബുദ്ധിമുട്ട് വന്യജീവികളിൽ നിന്നുള്ള ആക്രമണവും, കൃഷി നാശവുമാണ്. അത്തരത്തിലുള്ള സാഹചര്യങ്ങളിൽ |

Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980 പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്. മാത്രവുമല്ല വന്യജീവി ആക്രമണം കുറയ്ക്കുന്നതിനുവേണ്ടി സൗരോർജ്ജവേലികളും, കിടങ്ങുകളും മറ്റും നിർമ്മിക്കുന്നുണ്ട്. സേവനാവകാശ നിയമപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ സമയബന്ധിതമായി ചെയ്തുകൊടുക്കുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന സേവനങ്ങൾ, അപേക്ഷകൾ, പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന മറ്റ് വിവരങ്ങൾ എന്നിവ വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പങ്കാളിത്ത വനപരിപാലന പദ്ധതിയുടെ ഭാഗമായി നടത്തുന്ന യോഗങ്ങളിൽ അവതരിപ്പിക്കപ്പെടുകയും, പരിഹരിക്കപ്പെടുകയും ചെയ്തുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ